(c) what is the daily wage of these labourers ?

Answer

(a) 139

(b) Only one Trade Union *viz.*, The Travancore Minerals Workers' Union. Most of the labourers are members of that Union.

(c) Rs. 2--4--0 per head.

രണ്ടാംപഞ്ചവത്സരപദ്ധതിയിൽ വ്യവസായങ്ങൾ.

112. [57] ശ്രീ. പി. വി. അവിരാത്തരകൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഏതെല്ലാം വ്യവസായങ്ങളാണ് ഈ സ്റ്റേറ്റിൽ ആരംഭിക്കുവാൻ പ്രൊപ്പോസ് ചെയ്തിരിക്കുന്നത്;

(ബി) അതിൽ പ്രൈവറ്റ് സെക്ടറിൽ ഏതെല്ലാം; പബ്ലിക്ക് സെക്ടറിൽ ഏതെല്ലാം;

(സി) ചേത്തലയിൽ മണൽകൊണ്ടുള്ള ഇഷ്ടിക നിർമ്മാണ ഫാക്ടറിയും, ഗ്ലാസ് ഫാക്ടറിയും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ചേത്തലവഴി റയിൽവേ തെക്കോട്ട് നീട്ടുന്നതിന് ഉദ്ദേശമുണ്ടോ?

ഉത്തരം.

(എ) രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പുതുതായി തുടങ്ങുന്നതിന് ഉദ്ദേശിക്കുന്ന വ്യവസായങ്ങളുടെ ഒരു * പട്ടിക മേശമേൽ വച്ചിട്ടുണ്ട്.

(ബി) വൻകിടവ്യവസായങ്ങളെല്ലാം പ്രൈവറ്റ് സെക്ടറിൽ നടത്താനാണ് ഗവണ്മെൻറ് ഉദ്ദേശിക്കുന്നത്. പ്രൈവറ്റ് സെക്ടറിൽ നടത്താൻ സാധിച്ചില്ലെങ്കിൽ ഇവ പബ്ലിക്ക് സെക്ടറിൽ നടത്താൻ ഗവണ്മെൻറ് തീരുമാനിച്ചിട്ടുണ്ട്. ഇപ്പോൾ പബ്ലിക്ക് സെക്ടറിലുള്ള വ്യവസായങ്ങളുടെ വികസനം പബ്ലിക്ക് സെക്ടറിൽത്തന്നെ ആയിരിക്കും. ചെറുകിട വ്യവസായങ്ങൾ പ്രൈവറ്റ് സെക്ടറിലായിരിക്കും.

(സി) ഇവ രണ്ടും വൻകിടവ്യവസായങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവ എവിടെ സ്ഥാപിക്കണമെന്ന തീരുമാനിച്ചിട്ടില്ല.

(ഡി) ഉണ്ട്. എറണാകുളത്തുനിന്നും ചേത്തല–ആലപ്പുഴവഴി മാവേലിക്കരയോ കായങ്കുളമോവരെ ഒരു റയിൽവേ നീട്ടുന്നതിന് ഇൻഡ്യാഗവണ്മെൻറിനോട് പ്രൊപ്പോസ്ചെയ്തിട്ടുണ്ട്.

പുനലൂർ പേപ്പർമിൽ.

113. [59]. ശ്രീ. പി. ഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പുനലൂർ പേപ്പർമിൽ ഗവണ്മെൻറ് ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

* Please see Appendix IV.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം.

രണ്ടാംപഞ്ചവത്സരപദ്ധതിയിൽ പുനലൂർ പോസ്റ്റ്മാൻ ഗവണ്മെൻറ് ഏറ്റെടുത്തു നടത്താൻ ഉദ്ദേശിക്കുന്നില്ല.

Non-payment of Salary of Teachers.

114. [60] SHRI T. T. DANIEL: Will the Minister for Education be pleased to state:

(*a*) why the salary of the teachers employed in Martandam L. M. S. Girls' High School and Nagercoil Duthie Girls' High School is not paid for the last two months (June and July); and

(*b*) will the Government take immediate steps to pay the salary of these teachers?

Answer.

(*a*) The Salary bills have been passed and returned.

(*b*) Does not arise in view of answer to (*a*) above.

Tar-Creting Karinkal Junction.

115. [64] SHRI R. PONNAPPA NADAR: Will the Minister for Public Works be pleased to state:

(*a*) whether there is provision in the current year's budget for Tar-Creting Karinkal Junction in Vilavancode Taluk;

(*b*) whether any estimate has been prepared;

(*c*) has any sanction been accorded;

(*d*) will this work be completed in this financial year?

Answer.

(*a*) Yes.

(*b*) Yes.

(*c*) The estimate is under scrutiny by the Chief Engineer.

(*d*) Yes.

ടാർക്രീറ്റ ഇടുവാൻ ഉദ്ദേശിക്കുന്ന റോഡ്.

116. [73] ശ്രീ. കെ. നാരായണക്കുറുപ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സഭയെ മറുപടി പറയുമോ:

(എ) അടുത്ത സാമ്പത്തിക വർഷത്തിൽ എത്ര മൈൽ ദൂരം റോഡുകൾ ടാർക്രീറ്റിടുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly